**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**
**30 -12- 2020 അടിസ്ഥാന പാഠാവലി-X- ശ്രീനാരായണഗുരു - 03**

മുൻ ക്ലാസ്സിൽ പറഞ്ഞ കാര്യങ്ങൾ ഓർമ്മപ്പെടുത്തി.
■മറ്റ് ഇന്ത്യൻ സാമൂഹ്യപരിഷ്കർത്താക്കളിൽ നിന്നും ജീവിതം, പ്രവർത്തനം, ദർശനം എന്നിവയിൽ ശ്രീനാരായണഗുരു എങ്ങനെയൊക്കെ വ്യത്യാസപ്പെട്ടിരിക്കുന്നു.
ആധുനിക കേരളത്തിന്റെ പാഠപുസ്തകങ്ങളായി മാറിയ ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളെയും അവയ്ക്ക് പിന്നിലെ കാഴ്ചപ്പാടുകളെയും വിശകലനം ചെയ്തു.
■സമൂഹത്തിൽ അന്യവൽക്കരിക്കപ്പെട്ട മനുഷ്യർക്ക് പുതിയ ജീവിതം കെട്ടിപ്പടുക്കാൻ സഹായകമായവയാണ് ഗുരുവിന്റെ സന്ദേശങ്ങൾ .
കുട്ടികൾ, വായിച്ചറിഞ്ഞതും ചുമരെഴുത്തുകളിൽ കണ്ടറിഞ്ഞതും  ഉദ്ധരണികളായി കേട്ടറിഞ്ഞതുമായ ഗുരുവചനങ്ങൾ സൂചിപ്പിച്ചു.
■മതമേതായാലും മനുഷ്യൻ നന്നായാൽ മതി
■മദ്യം വിഷമാണ്. അത് ഉണ്ടാക്കരുത് കൊടുക്കരുത് കുടിക്കരുത്.
■ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
■വിദ്യകൊണ്ട് പ്രബുദ്ധരാവുക സംഘടിച്ച് ശക്തരാവുക.
ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങളുടെ ഉള്ളടക്കങ്ങൾ എന്താണെന്ന് പരിശോധിച്ചു.
■വിദ്യാഭ്യാസം, കുടുംബ സുരക്ഷ, സാമ്പത്തിക മുന്നേറ്റം, വിശ്വാസം, തൊഴിൽ ജീവിതശീലങ്ങൾ, മൂല്യങ്ങൾ ..........
ഇപ്രകാരം ജീവിതത്തിന്റെ സമസ്തമേഖലകളെയും ഉൾക്കൊള്ളുന്നവയായിരുന്നു അവ.
■ജീവിതത്തിൽ കണ്ടും പഠിച്ചും അനുഭവിച്ചതുമായ യാഥാർത്ഥ്യങ്ങളെ പരിഗണിച്ചുകൊണ്ടാണ് ഗുരുവിന്റെ  ഉപദേശങ്ങൾ  രൂപപ്പെട്ടിട്ടുള്ളത്.
■സാധാരണ മനുഷ്യന്റെ ജീവിതത്തെ നേരിട്ട് സ്പർശിക്കുന്നവയായിരുന്നു അവ. (നിലംതൊടാതെയുള്ള ആഹ്വാനങ്ങളായിരുന്നില്ല)
■സ്വന്തം പ്രവർത്തന മണ്ഡലത്തിലെ അനുഭവങ്ങളിൽ നിന്നും രൂപപ്പെട്ടവയാണ് അവ.
■അവ ഓരോഘട്ടത്തിലും വളരുകയും വികസിക്കുകയും ചെയ്യുന്നു.
ശ്രീനാരായണഗുരുവിന്റെ മത സങ്കല്പങ്ങൾ വിശദീകരിക്കുന്ന ഭാഗം വായിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു.
[ ഇതര മതാചാര്യന്മാരെ പോലെ ആധ്യാത്മികതയെയും ..................... മനുഷ്യ നന്മയ്ക്കാണല്ലോ പ്രാധാന്യം ]
■ശ്രീനാരായണഗുരു ഭൗതികമായ ജീവിതത്തെ ചെറുതായി കണ്ടില്ല.
■ഭൗതിക ജീവിതവും ആത്മീയ ജീവിതവും, രണ്ടും  ഒരുപോലെ പ്രധാനപ്പെട്ടതാണ് എന്നാണ് ഗുരു കരുതിയത്.
■മതത്തേക്കാൾ മനുഷ്യനിലെ നന്മയ്ക്കാണ് ഗുരു പ്രാധാന്യം കല്പിച്ചത്.

■മദ്യം വിഷമാണ്. അത് ഉണ്ടാക്കരുത് കൊടുക്കരുത് കുടിക്കരുത് : എന്ന ഉപദേശം ഭൗതിക ജീവിതവുമായി ബന്ധപ്പെട്ടതാണ്.
എന്നാൽ എന്നാൽ ഒരു സാമൂഹ്യ തിന്മകൾക്കെതിരെയുള്ള പടയൊരുക്കം ഈ ഉപദേശത്തിൽ കാണാം.മദ്യം സമൂഹത്തിൽ നിന്നും പിൻ വാങ്ങിയാൽ പകരം ഉണ്ടാകുന്നത് ആരോഗ്യമുള്ള ഒരു കുടുംബാന്തരീക്ഷവും , സാമ്പത്തിക സുരക്ഷയും , ആരോഗ്യമുള്ള ശരീരങ്ങളും , ആത്മവിശ്വാസവും , നല്ല പഠനാന്തരീക്ഷവുമാണ് .
ഇവയെല്ലാം ഭൗതികജീവിതത്തിലെ  നേട്ടമാണ് നേട്ടങ്ങളാണ്. എന്നാൽ ഈ മെച്ചപ്പെടൽ സാമൂഹ്യ മുന്നേറ്റത്തിനും ആത്മീയമായ മെച്ചപ്പെടലിനും കാരണമാകുന്നു.
■മനുഷ്യ നന്മയ്ക്ക് മതം അത്യാവശ്യമല്ലെന്ന ധ്വനി ഗുരു വചനത്തിലുണ്ട്.
മറ്റ് മത പ്രചാരകന്മാർ സ്വന്തം മതമാകുന്ന പുഴയുടെ ആഴവും നീളവും അളന്നു കാണിച്ചപ്പോൾ ശ്രീനാരായണഗുരു ഹിന്ദു മതത്തെ പറ്റി ഒരക്ഷരവും പറഞ്ഞില്ല.
സ്വന്തം മതത്തെ കുറിച്ച് പറയാതെ എല്ലാ മതനദികളും ചേർന്ന് ഉണ്ടാകുന്ന മഹാസമുദ്രത്തെ പറ്റിയാണ് ഗുരു സംസാരിച്ചത്.
മനുഷ്യന്റെ നന്മയെ ലക്ഷ്യമിടുന്നവയാണ് ഗുരുവിന്റെ മതസങ്കല്പം.
ശ്രീനാരായണഗുരുവിന്റെ സ്വാധീനം ഏറ്റുവാങ്ങിയ പ്രസിദ്ധരായ ചില അനുയായികളെ പരിചയപ്പെടുത്തി.

■എൻ കുമാരനാശാൻ
■ഡോക്ടർ പൽപ്പു
■മിതവാദി സി കൃഷ്ണൻ
■സഹോദരൻ അയ്യപ്പൻ
■സി വി കുഞ്ഞിരാമൻ

സ്വന്തം മതത്തിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥയുടെ പേരിൽ ചൂഷണങ്ങൾ അനുഭവിക്കുന്ന ചിലർ  മറ്റൊരു മതജീവിതം സ്വീകരിച്ചു കൂടെ എന്നാലോചിച്ചപ്പോൾ ഗുരു നൽകിയ മറുപടി എന്താണെന്ന് സൂചിപ്പിച്ചു.
ഗുവിന്റെ മറുപടി :
നിങ്ങൾ സ്വീകരിക്കുന്ന മതത്തിൽ ഇത്തരം വിവേചനങ്ങൾ ഉണ്ടാകില്ല എന്നതിന് എന്താണുറപ്പ് ?
■എല്ലാ മതങ്ങളിലെയും നന്മയെ സ്വാംശീകരിച്ച് സ്വയം വികസിക്കുക എന്നതാണ് ഗുരുവിന്റെ കാഴ്ചപ്പാട്.
■മതമല്ല മാറേണ്ടത് മനുഷ്യനാണ് മാറേണ്ടത് എന്ന സന്ദേശമാണ് ഗുരു നൽകുന്നത്.
■ഒരു മതവുമായും നേരിട്ടും അല്ലാതെയും തനിക്ക് ബന്ധമില്ലെന്ന് ഗുരു പറയുന്നുണ്ട്.
■അതിനാൽ ശ്രീനാരായണഗുരുവിനെ മതാതീതനായ തത്വജ്ഞാനി എന്ന് വിളിക്കാം.
പലമത സാരവുമേകമെന്നു പാരാ
.................

പാഠപുസ്തകത്തിൽ നൽകിയ ശ്ലോകം വിശദീകരിച്ചു.
(ആത്മോപദേശ ശതകം)
എല്ലാ മതങ്ങളുടെയും സത്ത ഒന്നുതന്നെയാണ്.അതറിയാതെ അന്ധർ ആനയെ കണ്ടതുപോലെ പലവിധ യുക്തികൾ പറഞ്ഞ് നിങ്ങൾ മതത്തെ നിർവചിക്കരുത്.മതം പലതാണെന്ന് വ്യാഖ്യാനിക്കുന്നത് അറിവില്ലാത്തവരാണ്, അവരെപ്പോലെ നിങ്ങളും പലതും പറഞ്ഞലയരുത്.

■ജാതിമതവർഗ്ഗഭേദങ്ങൾ ഇല്ലാതാവുകയും കേവലമായ മനുഷ്യത്വത്തിന്റെ മനോഹരമായ അവസ്ഥ നിലനിൽക്കുകയും ചെയ്യുന്ന ഒരു ലോകമാണ് ഗുരു സങ്കൽപ്പിച്ചത്.

■ശാസ്ത്ര നോവലുകളുടെ പിതാവായ എച്ച് ജി വെൽസും അമേരിക്കൻ രാഷ്ട്രമീമാംസകനായ വെന്റൽ വിൽക്കിയും 'ഏകലോകം' എന്ന സങ്കല്പം അവതരിപ്പിക്കുന്നതിനും പാശ്ചാത്യലോകത്ത് അതു പ്രചരിക്കുന്നതിനും മുമ്പേ തന്നെ ശ്രീനാരായണഗുരു ഈ ആശയം പറഞ്ഞിരുന്നു.

ക്ലാസ്സ് ക്രോഡീകരിച്ച് പറഞ്ഞു.

തുടർ പ്രവർത്തനങ്ങൾ

1. ശ്രീനാരായണഗുരുവിന്റെ ഉപദേശങ്ങളുടെ ഉള്ളടക്കത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

■കുറിപ്പിൽ ഉൾപ്പെടുത്തേണ്ടവ :

■ഗുരുവചനങ്ങൾ രൂപപ്പെട്ട പശ്ചാത്തലം

■ഗുരുവചനങ്ങളുടെ ഉള്ളടക്കത്തിന്റെ സ്വഭാവം

■ഗുരുവചനങ്ങളുടെ കാലികമായ പ്രസക്തി

2.ശ്രീനാരായണഗുരുവിന്റെ മതസങ്കല്പങ്ങളുടെ സവിശേഷതകൾ പാഠഭാഗത്തെ നിന്നും കണ്ടെത്തി വിശദീകരിക്കുക.

■കുറിപ്പിൽ ഉൾപ്പെടുത്തേണ്ടവ :

■ ഗുരുവിന്റെ മതസങ്കല്പം

■എല്ലാ മതങ്ങളുടെയും നന്മയെ മുൻവിധിയില്ലാത സ്വാംശീകരിക്കുന്ന രീതി

■മനുഷ്യ നന്മയെന്ന ലക്ഷ്യം

■ഏകലോകം എന്ന സങ്കൽപത്തിലേക്കുള്ള അതിന്റെ വളർച്ചയും വികാസവും .

■നിലനിൽക്കുന്ന മതങ്ങളുടെ ഘടനയോടുള്ള നിരോധനം .

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം